# സൗത്ത് വയനാട് ഡിവിഷൻ

## നിൽപ്പ് മരങ്ങളുടെ ലേലം

KFDDO/8251/2024-DFOWYNDS/B1 തീയതി- 21/11/2024

സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ മേപ്പാടി റെയ്ഞ്ച്, മുട്ടിൽ സെക്ഷൻ പരിധിയിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ക്വാർട്ടേഴ്സ്, നിർമ്മാണ പ്രവൃത്തിക്ക് സ്ഥലമൊരുക്കുന്നതിനായി താഴെ പറയുന്ന 65 കുറ്റി വിവിധയിനം മരങ്ങൾ മുറിച്ചുമാറ്റേണ്ടത് അത്യാവശ്യമാകയാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ താഴെ പറയുന്ന തീയതികളിലും സമയത്തും പരസ്യമായി നിൽപ്പുവിലയ്ക്ക് ലേലം ചെയ്യുന്നതാണ്.

<u>നിൽപ്പ് വിലയ്ക്ക് ലേലം ചെയ്യുന്ന മരങ്ങളുടെ വോളിയം, നിരക്ക്</u>

| Sl No. | No of trees | Species | **As per seigniorage rate** | | | |
|---|---|---|---|---|---|---|
| | | | Timber ($M^3$) | Rate ($M^3$) | Firewood (MT) | Rate (MT) |
| 1 | 59 | Silver Ock | 10.256 | 3300 | 13.367 | 1470 |
| 2 | 3 | Ayani | 0 | 0 | 0.750 | 1470 |
| 3 | 1 | Kambili | 0 | 0 | 0.250 | 1470 |
| 4 | 1 | Plavu | 0 | 0 | 0.250 | 1470 |
| 5 | 1 | Vatta | 0 | 0 | 0.250 | 1470 |

<u>ലേലം/പുനർലേലം :- താഴെ പറയുന്ന തീയതികളിൽ രാവിലെ 11 മണിക്ക് വൈത്തിരി സ്റ്റേഷൻ ഓഫീസിൽ വെച്ച് നടക്കുന്നതാണ്. (ആദ്യലേലത്തിൽ മരങ്ങൾ വിൽപ്പനയാകാത്ത പക്ഷം തുടർന്നുള്ള തീയതികളിൽ ലേലം നടക്കുന്നതാണ്)</u>

| മാസം | തീയതികൾ | സമയം |
|---|---|---|
| ഡിസംബർ | 5,18,27 | രാവിലെ 11 മണി |
| ജനുവരി | 2,9,16,23 | രാവിലെ 11 മണി |

മേൽ പ്രസ്താവിച്ചിട്ടുള്ള നിൽപ്പ് മരങ്ങളുടെ വോള്യം എൻ.ആർ. നായരുടെ വോള്യം ടേബിൾ പ്രകാരം കണക്കാക്കിയിട്ടുള്ളതാണ്. മരം മുറിച്ച് തടികളാക്കുമ്പോൾ വോള്യത്തിൽ വ്യത്യാസം വരാവുന്നതാണ്. ആകയാൽ ലേലത്തിൽ

പങ്കുകൊള്ളുന്നവർ മുൻകൂറായി മരങ്ങൾ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

വനം വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള നിലവിലെ സീനിയറേജ് നിരക്കുകൾ പ്രകാരമാണ് വില കണക്കാക്കിയിട്ടുള്ളത്. സീനിയറേജ് നിരക്ക്/ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ് നിരക്ക് എന്നിവ പ്രകാരം കണക്കാക്കിയിട്ടുള്ള വിലകളിൽ പിഴവുണ്ടെങ്കിൽ ലേലം നടക്കുന്ന വേളയിൽ വിലകൾ പരിശോധിച്ച് തിരുത്തൽ വരുത്തുന്നതാണ്. സീനിയറേജ് നിരക്ക്/ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ് നിരക്ക് എന്നിവ അടിസ്ഥാനമാക്കിയാവും ലേലങ്ങളുടെ തുടക്ക വില നിർണയിക്കുന്നത്. ലേലതുക കേരള സർക്കാരിന്റെ ഇ ട്രഷറി സംവിധാനം വഴിയോ കാലാവധി സാക്ഷ്യപ്പെടുത്തിയ ട്രഷറി ചലാൻ മുഖാന്തരമോ അടയ്ക്കാവുന്നതാണ്.

ലേലം കൊള്ളുന്നയാൾ ടിയാന്റെ മുഴുവൻ ചെലവിൽ, ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി **കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ** മേൽ പരാമർശിച്ച മുഴുവൻ മരങ്ങളും സ്വന്തം ചെലവിൽ മറ്റ് നാശനഷ്ടങ്ങളൊന്നും ഉണ്ടാക്കാതെ മുറിച്ച് നീക്കം ചെയ്യേണ്ടതുമാണ്. ലേല വസ്തുക്കൾ മുഴുവനും നിശ്ചിത സമയത്തിനുള്ളിൽ സ്ഥലത്തുനിന്ന് നീക്കം ചെയ്യുന്നതിന് വീഴ്ച വരുത്തിയാൽ ആദ്യ ലേലക്കാരനെ ഒഴിവാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ മുഴുവൻ വീണ്ടും ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്. മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടാകുന്ന പക്ഷം ആയതിന്റെ പൂർണ ഉത്തരവാദിത്വം ലേലംകൊണ്ടയാൾക്ക് മാത്രമായിരിക്കും. പുനർലേലം മുഖാന്തരം സർക്കാർ നഷ്ടം ഉണ്ടായാൽ ആയത് ആദ്യലേലക്കാരനിൽ നിന്നും നിയമപ്രകാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിട്ടുള്ള മേൽവിലാസങ്ങളിൽ/ഇ മെയിൽ/ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

| | |
|---|---|
| ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,<br>സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ. പി.ഒ., വയനാട് ജില്ല, കേരളം, പിൻ 673 121 | dfoswd@gmail.com<br>dfo-wynds.for@kerala.gov.in<br>**04936 203428** |
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,<br>മേപ്പാടി റെയിഞ്ച്, മേപ്പാടി പി.ഒ., വയനാട് ജില്ല, കേരളം. പിൻ- 673577 | romeppady@gmail.com<br>**04936 282001,**<br>**8547 602680** |

നിബന്ധനകൾ

1) ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.

2) താഴെ പറയുന്ന വ്യവസ്ഥകൾക്ക് പുറമേ സർക്കാർ തടി ഡിപ്പോകളിൽ കാലാകാലങ്ങളിൽ നിലവിലുള്ള മറ്റ് ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

എ. ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച തിരിച്ചറിയൽ സർട്ടിഫിക്കറ്റോ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ മറ്റ് സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡുകളോ ഹാജരാക്കേണ്ടതും നിരതദ്രവ്യമായി കുറഞ്ഞത് 5,000 രൂപയോ സീനിയറേജ് വിലയുടെ 2.5 %- ഓ ആയതിൽ കൂടിയ തുക ലേലത്തിന് മുമ്പ് കെട്ടിവെക്കേണ്ടതുമാണ്. നിരതദ്രവ്യം സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൻെറ കൽപ്പറ്റ ബ്രാഞ്ചിൽ മാറാവുന്ന ഡി.ഡി. മുഖേനയോ ഒടുക്കാവുന്നതാണ്.

ബി.ഏറ്റവും കൂടുതൽ തുകക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും, ലേല തുകയുടെ 35 % ലേലദിവസം ഒടുക്കേണ്ടതുമാണ്. ലേലം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിൾ, കണ്ണൂരിന്റെ അംഗീകാരത്തിന് വിധേയമായിരിക്കും. ലേലം ഉറപ്പിച്ച് അറിയിപ്പ് ലഭിച്ച ശേഷം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി കരാറിൽ ഏർപ്പെടുന്നതിന് മുൻപായി ലേലം കൊണ്ടയാൾ ലേലതുകയും 5 % എഫ്.ഡി.റ്റിയും കൂടാതെ ലേലതുകയും എഫ്.ഡി.റ്റി യും ഉൾപ്പെടുന്ന തുകയുടെ 18 % ചരക്കുസേവന നികുതിയും ഇവ മൂന്നും ഉൾപ്പെടുന്ന തുകയുടെ 2.5 % ഐ.ടി. യും ഒടുക്കേണ്ടതാണ്. ആയതിന് വീഴ്ച്ച വരുത്തുന്ന പക്ഷം ലേലം റദ്ദാക്കപ്പെടുന്നതും കെട്ടിവെച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പുനർലേലം ചെയ്ത് വിൽക്കുന്നതുമാണ്. തൻമൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ മുഖേനയോ മറ്റ് ഉചിത മാർഗ്ഗേനയോ ഈടാക്കുന്നതുമാണ്.

സി.പുനർലേലം ലാഭകരമായിരുന്നാൽ അതിൻമേൽ മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

3) വിജയിയായായ ലേലക്കാരൻ അപ്രകാരം കരാർ കാലയളവിൽ മതിയായ കാരണങ്ങളാൽ മരങ്ങൾ മുറിച്ച് നീക്കം ചെയ്യാതിരുന്നാൽ നിയമാനുസൃതം പിഴപ്പലിശയും തറവാടകയും ഈടാക്കി സാധനങ്ങൾ നീക്കം ചെയ്യാൻ നിശ്ചിത ദിവസം കൂടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ടി സമയപരിധിക്കുള്ളിലും പണമടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ ലേലം കൊണ്ട ആൾക്ക് ടി മരങ്ങളിൻമേൽ യാതൊരു അവകാശവും ഇല്ലാത്തതും മരങ്ങൾ മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതും തൻമൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ

നിന്നും റവന്യൂ റിക്കവറി മുഖേനയോ മറ്റ് ഉചിത മാർഗ്ഗേണയോ ഈടാക്കുന്നതുമായിരിക്കും.

4) ലേലത്തിൽ പങ്കുകൊള്ളുന്നവർ ലേലസമയത്തിന് മുൻപായി ലേലത്തിൽ വെച്ചിരിക്കുന്ന മരങ്ങളുടെ ഗുണ നിലവാരം, ഇനം, അളവ് മുതലായവ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അനുമതിയോടെ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ലേലത്തിന് ശേഷം ഇത് സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതല്ല. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടേയോ റെയ്ഞ്ച് ഓഫീസറുടേയോ അനുമതിയോടുകൂടി മാത്രമേ ലേലക്കാർ വനത്തിൽ പ്രവേശിക്കാവൂ.

5) 16/12/2008 ലെ കേരള സർക്കാർ ഗസറ്റ് നം. 49 ൽ 815 മുതൽ 824 വരെയുള്ള പേജുകളിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(സംരക്ഷണം), തിരുവനന്തപുരം അവറുകൾ 22/11/2013 ലെ പ്രൊ(5) 26274/12 നമ്പറായി പ്രസിദ്ധീകരിച്ച ലേലവ്യവസ്ഥകളും, 20-12-2011 ലെ കേരള ഗവൺമെന്റ് ഗസറ്റ് നമ്പർ 50 ൽ പ്രസിദ്ധപ്പെടുത്തിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 7-12-11 ലെ നമ്പർ പ്രൊ (5) 4668/11 നമ്പറായി പ്രസിദ്ധീകരിച്ച ലേലവ്യവസ്ഥകളും കേരള സർക്കാർ ഗസറ്റ് നം. 36, തീ- 16/09/2014, ഗസറ്റ് നം. 43, തീ-04/11/2014, ഗസറ്റ് നം. 8, തീ- 24/02/2015, ഗസറ്റ് നം. 34, തീ- 28/05/2015, ഗസറ്റ് നം. 40, തീ- 13.10.2015, ഗസറ്റ് നം. 49, തീ- 10.12.2013, ഗസറ്റ് നം. 8, തീ- 25.02.2014 എന്നിവയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതും ലേലം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും മേലിൽ പുറപ്പെടുവിക്കുന്നതുമായ മറ്റ് വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

ഒപ്പ്/-

സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ